കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം

W6-11876/17 തീയതി: 01.04.2017

## സർക്കുലർ നമ്പർ:46/2017-18

വിഷയം: റോളിലുള്ള അൺ-അറ്റച്ച്ഡ് വിഭാഗം തൊഴിലാളി അല്ലെങ്കിൽ ടിയാന്റെ / ടിയാരിയുടെ ഭാര്യ/ഭർത്താവ് കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയരായാൽ നൽകി വരുന്ന ആനുകൂല്യം 1650/- (തൊഴിലാളിയ്ക്ക്) 1250/- (തൊഴിലാളിയുടെ ഭാര്യയ്ക്ക്) എന്നീ തുകകളിൽനിന്നും 5000/- രൂപയാക്കി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) 2017-18 വർഷത്തിലെ ബഡ്ജറ്റ് ശുപാർശ
2) 1997 -ലെ കേരള ചുമട്ടു തൊഴിലാളി (ഫാമിലി പ്ലാനിംഗ് അസിസ്റ്റൻസ്) പ്ലാൻ
3) 13.03.2017 തീയതിയിലെ 468-മത് ബോർഡ് യോഗ തീരുമാനം (18).

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ റോളിലുള്ള അൺ-അറ്റച്ച്ഡ് വിഭാഗം തൊഴിലാളി അല്ലെങ്കിൽ ടിയാന്റെ/ടിയാരിയുടെ ഭാര്യ/ഭർത്താവ് കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയരായാൽ തൊഴിലാളിക്ക് 1650/- രൂപയും ടിയാന്റെ/ടിയാരിയുടെ ഭാര്യ/ഭർത്താവ് 1250/- രൂപയും നൽകി വരുന്നത് കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നത് തൊഴിലാളിയാണെങ്കിലും തൊഴിലാളിയുടെ ഭാര്യ / ഭർത്താവ് ആണെങ്കിലും ആനുകൂല്യത്തുക 5000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് 2017-2018 ബഡ്ജറ്റ് നിർദ്ദേശ പ്രകാരം ബോർഡ് തീരുമാനിച്ചിട്ടുള്ളതാണ്.

1997 -ലെ കേരള ചുമട്ടു തൊഴിലാളി (ഫാമിലി പ്ലാനിംഗ് അസിസ്റ്റൻസ്) പ്ലാനിൽ താഴെ പറയും വിധം ഭേദഗതി വരുത്തിയിരിക്കുന്നു.

1. നിലവിലുള്ള പ്ലാൻ ഖണ്ഡിക 4(1) (എ) -ൽ തൊഴിലാളിയ്ക്ക് 1650/- രൂപ ടിയാന്റെ / ടിയാരിയുടെ ഭാര്യ / ഭർത്താവിന് 1250/- രൂപ എന്നീ തുകകൾക്ക് പകരം ആനുകൂല്യ തുക 5000/- രൂപ എന്ന് കൂട്ടി ചേർക്കേണ്ടതാണ്.

2. ഫാമിലി പ്ലാനിംഗ് അസിസ്റ്റൻസ് ആനുകൂല്യങ്ങൾ പുതുക്കിയ നിരക്കിൽ 01.04.2017 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

3. പ്ലാൻ ഖണ്ഡിക 4(1) (എ) -ൽ മാത്രമാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. നിലവിലുള്ള പ്ലാനിലെ മറ്റ് വ്യവസ്ഥകൾക്കോ നിർദ്ദേശങ്ങൾക്കോ യാതൊരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല.

ഈ അറിയിപ്പ് ലഭിച്ച വിവരം മടക്ക തപാലിൽ റിപ്പോർട്ട് ചെയ്യുന്നതും മേൽപ്പറഞ്ഞ വ്യവസ്ഥകൾ ക്ളർക്ക് തലം മുതലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും കമ്മിറ്റി / സബ് ഓഫീസ് അംഗങ്ങളുടെയും തൊഴിലാളികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് കമ്മിറ്റി ചെയർമാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,
1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2. പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

പകർപ്പ്:
ഫിനാൻസ് ഓഫീസർ / സെക്രട്ടറി
അക്കൗണ്ട്സ് ഓഫീസർമാർക്കും/ജൂനിയർ സൂപ്രണ്ട് മാർക്കും
സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്